### കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# ജൂൺ

# 2018




### പ്രൈസസ് വിഭാഗം
### സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്
### തിരുവനന്തപുരം
### 2018

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ളീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും, വകുപ്പിന്റെ ഇൻവെസ്റ്റിഗേറററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

30/07/2018 — ഡയറക്ടർ ജനറൽ

## ആമുഖം

കേരളത്തിൽ പൊതു വിപണിയിൽ വിൽപനയ്ക്കായി വരുന്ന വസ്തുക്കളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്. ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു. കാലാവസ്ഥാ വ്യതിയാനം, സമരങ്ങൾ, ഇന്ധന വില വർദ്ധനവ്, സംസ്ഥാനാന്തര ബന്ധങ്ങൾ, അന്യസംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധീനിക്കുന്നു. ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനും വളരെ ശ്രമകരമായ ജോലിയായി മാറുന്നു ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനു വേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ച് അവലോകനം നടത്തി സർക്കാരിനു നൽകുന്ന ഉദ്യമമാണു ഈ പ്രസിദ്ധീകരണത്തിലൂടെ ലക്ഷ്യമിടുന്നത്.

അവലോകന മാസമായ ജൂണിൽ വിപണിയെ സംബന്ധിച്ചിടത്തോളം ഏററവും ശുഭകരമായ വാർത്ത കേരളം നിപ്പ വൈറസ് വ്യാപനത്തെ വളരെ വിജയകരമായി പ്രതിരോധിച്ചു എന്നുള്ളതാണ്. ഇത് മററ് മേഖലകളെന്നപോലെ വ്യാപാര മേഖലയ്ക്കും തെല്ലൊന്നുമല്ല ആശ്വാസം നൽകിയത്. പച്ചക്കറി, പഴവർഗ്ഗ വിപണിയിൽ കോടിക്കണക്കിനു രൂപയുടെ വ്യാപാര നഷ്ടം ഉണ്ടായിട്ടുള്ളതായാണു വിപണിയിൽ നിന്നുള്ള റിപ്പോർട്ട്, പ്രത്യേകിച്ച് ഉത്തര കേരളത്തിലെ വിപണി. വ്യാപാര മേഖല ജൂൺ അവസാനത്തോടെ പൂർവ സ്ഥിതിയിൽ ആയിട്ടുണ്ടെങ്കിലും കേരളത്തിൽ നിന്നുള്ള പച്ചക്കറി കയററുമതി അവലോകനമാസത്തിലും പൂർവ സ്ഥിതിയിൽ ആയിട്ടില്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

അവലോകനമാസത്തിൽ കാലവർഷം കേരളത്തിൽ സജീവമായിരുന്നു. ഈ കാലയളവിൽ ഏതാണ്ട് എല്ലായിടത്തും ആവശ്യത്തിനു മഴ ലഭിച്ചിട്ടുണ്ടെന്നാണു റിപ്പോർട്ട്. ഈ വർഷം ഓണക്കാലം ലക്ഷ്യമാക്കി കേരളത്തിൽ കാര്യമായ തോതിൽ പച്ചക്കറി കൃഷി നടന്നിട്ടുണ്ട്. വരും മാസങ്ങളിൽ മഴക്കെടുതികളോ, വിള നാശമോ സംഭവിച്ചില്ലെങ്കിൽ ഈ വർഷം ഓണക്കാലത്ത് കാര്യമായ വിലക്കയററം ഉണ്ടാവാൻ സാധ്യത ഇല്ല.

അരിയുടെ വിലയിൽ അടുത്ത മാസങ്ങളിൽ വിലക്കയററത്തിന്റെ യാതൊരു സാധ്യതകളും നിലവിൽ കാണുന്നില്ല. അന്യ സംസ്ഥാനങ്ങളിൽ നല്ല തോതിൽ വിളവ് ലഭിച്ചിട്ടുണ്ടെന്നാണു വിവരം തെലുങ്കാന സിവിൽ സപ്ളൈസ് വകുപ്പിന്റെ റിപ്പോർട്ട് അനുസരിച്ച് 35.25 ലക്ഷം ടണ്ണിന്റെ നെല്ല് സംഭരണം ഈ സീസണിൽ നടന്നതായാണു അവിടെ നിന്നുള്ള വിവരം. ആഭ്യന്തര ശേഖരവും കണക്കിലെടുത്താൽ അടുത്ത മാസങ്ങളിൽ അരിയുടെ വിലയിൽ വർദ്ധനവു ഉണ്ടാവാനുള്ള സാധ്യത ഇല്ല.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട ഹോർട്ടികൾച്ചർ വിളകളുടെ രണ്ടാം അഡ്വാൻസ് എസ്റ്റിമേററ് റിപ്പോർട്ട് പ്രകാരം പച്ചക്കറി, പഴ വർഗ്ഗങ്ങളുടെ ഉൽപാദനത്തിൽ ശുഭകരമായ വാർത്തയാണു നൽകിയിട്ടുള്ളത്. റിപ്പോർട്ട് പ്രകാരം പച്ചക്കറി ഉൽപാദനത്തിൽ മൊത്തം 2.2 ശതമാനത്തിന്റെയും പഴ വർഗ്ഗങ്ങളുടെ ഉൽപാദനത്തിൽ മൊത്തം 2 ശതമാനത്തിന്റെയും വർദ്ധനവ് ഉണ്ടാവുമെന്നാണു കണക്കാക്കുന്നത്.

അവലോകന മാസത്തിൽ പഞ്ചസാര, സവാള ,ഉള്ളി, തക്കാളി, പച്ചമുളക്, എന്നിവ കാര്യമായ ഒരു വർദ്ധനവിന്റെ പ്രവണത കാണിച്ചു. ഇവയുടെ വില ജൂലൈ മാസത്തിലും കാര്യമായ ഒരു വർദ്ധനവിനുള്ള സാധ്യത കാണുന്നു. പഞ്ചസാരയുടെ വില 40-42 രൂപ നിലയിൽ നിന്നും സ്ഥിരത കൈവരിക്കുന്നതിനും പിന്നീട് നേരിയൊരു കുറവ് പ്രതീക്ഷിക്കുന്നു.

## I. ധാന്യങ്ങൾ

അവലോകനമാസത്തിൽ അരിയുടെ വില പ്രതീക്ഷിച്ചതുപോലെതന്നെ കുറയുന്നതായാണു കണ്ടത്. പൊതുവിപണിയിൽ അരിയുടെ ആഭ്യന്തര ലഭ്യതയും അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള വരവും കാരണം വില കുറയുവാനുള്ള പ്രവണതയാണു നിലനിൽക്കുന്നത്. അടുത്ത മാസങ്ങളിലും ഈ കുറവ് തുടരുമെന്നാണു വിപണിയിൽ നിന്നുള്ള വിവരം. എല്ലാ ഇനം അരിയുടെയും വില ഈ കാലയളവിൽ സ്ഥിരത നിലനിർത്തുകയോ കുറയുകയോ ചെയ്തിട്ടുണ്ട്

| നം | ഇനങ്ങൾ | അളവ് | ജൂൺ 2017 | മെയ് 2018 | ജൂൺ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 42.54 | 41.41 | 41.09 | -0.77 | -3.41 |
| 2 | ചമ്പ | കിലോഗ്രാം | 41.40 | 44.00 | 44.00 | 0.00 | 6.28 |
| 3 | റോസ് | കിലോഗ്രാം | 43.10 | 41.25 | 40.96 | -0.70 | -4.97 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 38.30 | 36.76 | 36.50 | -0.71 | -4.70 |
| 5 | ജയ | കിലോഗ്രാം | 40.94 | 38.34 | 37.42 | -2.42 | -8.61 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.54 | 32.15 | 32.06 | -0.29 | -1.47 |



## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളിൽ ചെറുപയർ, പീസ് പരിപ്പ് എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ കുറവ് ദൃശ്യമായിരുന്നു എന്നാൽ പൊതു വിപണിയിൽ പൊതുവെ ഒരു സ്ഥിരതയുടെ പ്രവണതയാണു പയർ വർഗ്ഗങ്ങളിൽ കണ്ടത്. അടുത്ത മാസങ്ങളിലും കാര്യമായ വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല എന്നുള്ളതാണു വിപണിയിൽ നിന്നും നിലവിൽ ലഭിക്കുന്ന സൂചന. കടലയുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിൽ കണ്ടു വന്ന കുറവ് ജൂലൈ മാസം വിലസ്ഥിരത നിലനിർത്താൻ ഇടയുണ്ട്. അമേരിക്കയിൽ നിന്നുള്ള കടല ഇറക്കുമതിക്ക് അധിക തീരുവ ചുമത്താനുള്ള തീരുമാനം പ്രാബല്ല്യത്തിൽ വരികയാണെങ്കിൽ അത് കടലയുടെ വില വർദ്ധനവിനു കാരണമായേക്കാം

| നം | ഇനങ്ങൾ | അളവ് | ജൂൺ 2017 | മെയ് 2018 | ജൂൺ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | **84.36** | **88.82** | **90.21** | **1.56** | **6.93** |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | **92.61** | **89.84** | **90.94** | **1.22** | **-1.80** |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | **110.20** | **85.58** | **84.58** | **-1.17** | **-23.25** |
| 4 | ഉഴുന്നു (തൊടില്ലാതെ) | കിലോഗ്രാം | **102.28** | **80.61** | **79.89** | **-0.89** | **-21.89** |
| 5 | വൻപയർ | കിലോഗ്രാം | **77.69** | **69.55** | **69.06** | **-0.70** | **-11.11** |
| 6 | തുവരപരിപ്പ് | കിലോഗ്രാം | **88.40** | **82.61** | **81.83** | **-0.94** | **-7.43** |
| 7 | കടല(വലുത്) | കിലോഗ്രാം | **96.85** | **72.89** | **70.34** | **-3.50** | **-27.37** |
| 8 | കടല(ചെറുത്) | കിലോഗ്രാം | **84.94** | **62.97** | **61.88** | **-1.73** | **-27.15** |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | **42.97** | **44.65** | **47.53** | **6.45** | **10.61** |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | **78.19** | **69.85** | **69.82** | **-0.04** | **-10.71** |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

നിപ്പ വൈറസുമായി ബന്ധപ്പെട്ട് വ്യാജ പ്രചരണം കാരണം മാസത്തിന്റെ ആദ്യ ആഴ്ചകളിൽ ഇറച്ചിക്കോഴിയുടെ വിലയിൽ കാര്യമായ കുറവ് വന്നെങ്കിലും പിന്നീട് മാസാവസാനത്തോടെ വർദ്ധനവ് രേഖപ്പെടുത്തി എന്നാൽ പിന്നീട് വിലസ്ഥിരത നിലനിർത്തുന്നതാണു കണ്ടത്. ജൂലൈ മാസത്തിൽ കാര്യമായ വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നാണു ഈ പ്രവണത നൽകുന്ന സൂചന. കോഴിമുട്ടയുടെ വിലയിലും ഈ കാലയളവിൽ വർദ്ധനവ് രേഖപ്പെടുത്തി.

പഞ്ചസാരയുടെ വിലയിൽ കാര്യമായ വർദ്ധനവ് ഈ കാലയളവിൽ ദൃശ്യമായി ഏതാണ്ട് 42 രൂപയോളം എത്തിയ വില ജൂലൈ മധ്യത്തോടു കൂടി നേരിയൊരു കുറവോടു കൂടി വിലസ്ഥിരത നിലനിർത്താൻ ഇടയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

ആഭ്യന്തര രാജ്യാന്തര ഡിമാന്റ് കുറഞ്ഞതോടെ തേയിലയുടെ വിലയിൽ കുറവ് രേഖപ്പെടുത്തി. ജൂൺ,ജൂലൈ മാസങ്ങളിൽ തേയിലയുടെ ഉൽപാദനത്തിൽ കുറവുണ്ടാകുമെന്നാണു വിപണിയിൽ നിന്നുള്ള വിവരം.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2017 | മെയ് 2018 | ജൂൺ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 43.14 | 33.87 | 36.46 | 7.65 | -15.48 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 162.15 | 150.77 | 151.38 | 0.40 | -6.64 |
| 3 | ശർക്കര | കിലോഗ്രാം | 57.10 | 52.57 | 53.13 | 1.07 | -6.95 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.81 | 51.86 | 58.57 | 12.94 | 6.86 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 498.57 | 531.43 | 535.29 | 0.73 | 7.37 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 135.52 | 132.67 | 123.03 | -7.27 | -9.22 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.71 | 148.18 | 148.07 | -0.07 | 0.24 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.08 | 161.62 | 161.62 | 0.00 | 0.34 |



## IV. എണ്ണയും ഏണ്ണക്കുരുക്കളും

അവലോകന മാസമായ ജൂണിൽ വെളിച്ചെണ്ണയുടെയും തേങ്ങയുടെയും വിലയിൽ തുടർച്ചയായ കുറവ് രേഖപ്പെടുത്തി.ഈ ഇനത്തിലെ മററ് എല്ലാ ഏണ്ണ ഇനങ്ങൾക്കും അവലോകനമാസത്തിൽ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടു.അസംസ്കൃത ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചത് ഭക്ഷ്യ എണ്ണകളുടെ വിലയിൽ വർദ്ധനവ് ഉണ്ടാക്കാൻ സാധ്യതയുണ്ട്.തമിഴ്നാട്ടിൽ നിന്നുള്ള തേങ്ങയുടെയും കൊപ്രയുടെയും വരവിൽ കുറവുണ്ടായെങ്കിലും മിശ്രിത വെളിച്ചെണ്ണ, വിപണിയിൽ സജീവമായത് വിലക്കുറവുണ്ടാവാൻ കാരണമായെന്നാണു വിപണിയിൽ നിന്നുള്ള വിവരം.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2017 | മെയ് 2018 | ജൂൺ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 147.02 | 215.38 | 210.47 | -2.28 | 43.16 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 140.30 | 144.75 | 147.00 | 1.55 | 4.78 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.55 | 93.00 | 93.28 | 0.30 | 4.17 |
| 4 | നല്ലെണ്ണ | ലിററർ | 144.36 | 159.45 | 161.80 | 1.47 | 12.08 |
| 5 | കടുക് എണ്ണ | ലിററർ | 138.00 | 137.40 | 137.40 | 0.00 | -0.43 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 94.64 | 95.18 | 95.53 | 0.37 | 0.94 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.70 | 92.85 | 93.58 | 0.80 | 4.33 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 165.45 | 221.25 | 210.73 | -4.75 | 27.37 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

ഉള്ളിയുടെ വില വീണ്ടും വർദ്ധനവിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണു.തുടർച്ചയായ വർദ്ധനവ് വരും മാസങ്ങളിലുള്ള വലിയൊരു വർദ്ധനവിനുള്ള സൂചന നൽകുന്നു.ജൂലൈ മാസത്തിലും വർദ്ധനവ് തുടരാനാണു സാധ്യത. മുളക് ,പുളി എന്നിവയുടെ വിലയിലും കുറയുവാനുള്ള പ്രവണത കണ്ടില്ല. കുരുമുളകിന്റെ വിലയിൽ തുടർച്ചയായ തകർച്ച കണ്ടു. വിയററ്നാം ,ഇന്തോനേഷ്യ, ശ്രീലങ്ക,എന്നിവിടങ്ങളിൽ നിന്നുള്ള ഗുണനിലവാരം കുറഞ്ഞതും വിലക്കുറവുള്ളതുമായ കുരുമുളക് ഉത്തരേന്ത്യയിൽ സജീവമായതുകാരണം കേരളത്തിൽ നിന്നുള്ള കുരുമുളകിനു ഡിമാന്റ് കുറയുകയും ഇത് വിലത്തകർച്ചക്ക് കാരണമാകുകയും ചെയ്തെന്നാണു വിപണിയിൽ നിന്നുള്ള വിവരം.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2017 | മെയ് 2018 | ജൂൺ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 98.27 | 85.05 | 85.26 | 0.25 | -13.24 |
| 2 | മുളക് | കിലോഗ്രാം | 82.72 | 123.89 | 125.57 | 1.36 | 51.80 |
| 3 | ഉള്ളി | കിലോഗ്രാം | 113.91 | 37.41 | 49.40 | 32.05 | -56.63 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 117.65 | 160.89 | 162.79 | 1.18 | 38.37 |
| 5 | ജീരകം | 100 ഗ്രാം | 28.99 | 29.29 | 29.39 | 0.34 | 1.38 |
| 6 | കടുക് | 100 ഗ്രാം | 9.16 | 8.86 | 8.81 | -0.56 | -3.82 |
| 7 | ഉലുവ | 100 ഗ്രാം | 10.26 | 9.23 | 9.34 | 1.19 | -8.97 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.59 | 18.29 | 18.46 | 0.93 | -0.70 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 10.05 | 7.41 | 7.33 | -1.08 | -27.06 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 595.85 | 468.46 | 467.00 | -0.31 | -21.62 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ ജൂണിൽ കിഴങ്ങുവർഗ്ഗങ്ങളിൽ ചേന ഒഴികെയുള്ള എല്ലാ ഇനങ്ങൾക്കും വിലക്കയററം ദൃശ്യമായിരുന്നു. ബീററൂട്ട് കാരററ് എന്നിവയുടെ വിലയിൽ കാര്യമായ വർദ്ധനവ് ഈ കാലയളവിൽ രേഖപ്പെടുത്തി.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഉരുളക്കിഴങ്ങ് ഒഴികെയുള്ള എല്ലാ ഇനങ്ങളുടെയും വിലയും കാര്യമായ കുറവ് ദൃശ്യമാണ്.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട അഡ്വാൻസ് എസ്റ്റിമേററ് റിപ്പോർട്ട് പ്രകാരം കിഴങ്ങു വർഗ്ഗങ്ങളുടെ ഉൽപാദനത്തിലും ശുഭ സൂചകമായ പ്രവചനമാണു നൽകിയിട്ടുള്ളത്

| നം | ഇനങ്ങൾ | അളവ് | ജൂൺ 2017 | മെയ് 2018 | ജൂൺ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 57.75 | 36.84 | 36.17 | -1.82 | -37.37 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 26.89 | 21.59 | 21.69 | 0.46 | -19.34 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 24.10 | 31.09 | 31.76 | 2.16 | 31.78 |
| 4 | ചേമ്പ് | കിലോഗ്രാം | 77.19 | 56.32 | 60.99 | 8.29 | -20.99 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 44.74 | 31.29 | 36.30 | 16.01 | -18.86 |
| 6 | കാരററ് | കിലോഗ്രാം | 76.43 | 35.29 | 41.31 | 17.06 | -45.95 |



## VII. പച്ചക്കറി ഇനങ്ങൾ

അവലോകനമാസമായ ജൂണിൽ ഏത്തയ്ക്ക(പച്ച), വാഴയ്ക്ക,ബീൻസ് എന്നിവ ഒഴികെയുള്ള എല്ലാ ഇനം പച്ചക്കറികളുടെയും വിലയിൽ വർദ്ധനവ് ദൃശ്യമായിരുന്നു.സവാള,തക്കാളി,പച്ചമുളക് എന്നിവയുടെ വിലയിൽ കാര്യമായ ഒരു വർദ്ധനവിന്റെ ഒരു പ്രവണതയാണു ശ്രദ്ധയിൽപ്പെട്ടത്. ജൂലൈ മാസത്തിലും ഈ വർദ്ധനവ് തുടരുമെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

എന്നാൽ കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ സവാള ഒഴികെയുള്ള എല്ലാ ഇനങ്ങളുടെയും വിലയിൽ കുറവ് ദൃശ്യമാണു.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട അഡ്വാൻസ് എസ്റ്റിമേററ് റിപ്പോർട്ട് പ്രകാരം പച്ചക്കറികളുടെ ഉൽപാദനത്തിൽ മൊത്തം 2.2 ശതമാനത്തിന്റെ വർദ്ധന പ്രവചിക്കുന്നു.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2017 | മെയ് 2018 | ജൂൺ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 18.39 | 17.73 | 20.51 | 15.68 | 11.53 |
| 2 | വഴുതന | കിലോഗ്രാം | 38.69 | 30.89 | 32.61 | 5.57 | -15.71 |
| 3 | മത്തങ്ങ | കിലോഗ്രാം | 20.86 | 18.02 | 20.34 | 12.87 | -2.49 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 25.81 | 20.05 | 20.13 | 0.40 | -22.01 |
| 5 | വെണ്ടക്ക | കിലോഗ്രാം | 41.73 | 30.07 | 30.53 | 1.53 | -26.84 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 63.26 | 62.48 | 61.67 | -1.30 | -2.51 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 57.66 | 52.59 | 45.99 | -12.55 | -20.24 |
| 8 | കാബേജ് | കിലോഗ്രാം | 33.36 | 23.91 | 25.14 | 5.14 | -24.64 |
| 9 | പാവയ്ക്ക | കിലോഗ്രാം | 53.70 | 44.70 | 45.79 | 2.44 | -14.73 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 27.29 | 20.95 | 24.53 | 17.09 | -10.11 |
| 11 | പടവലങ്ങ | കിലോഗ്രാം | 41.91 | 31.48 | 33.79 | 7.34 | -19.37 |
| 12 | തക്കാളി | കിലോഗ്രാം | 34.50 | 20.36 | 24.01 | 17.93 | -30.41 |
| 13 | പച്ചമുളക് | 100 ഗ്രാം | 7.05 | 4.12 | 5.05 | 22.57 | -28.37 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 49.83 | 50.30 | 48.65 | -3.28 | -2.37 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 40.80 | 36.21 | 34.99 | -3.37 | -14.24 |



## VIII. പഴവർഗ്ഗങ്ങൾ

നിപ്പ വൈറസ് ഭീതി പഴവർഗ്ഗങ്ങളുടെ വിപണനത്തിൽ ഏററവും കൂടുതൽ ബാധിച്ച ഒരു മാസമായിരുന്നു ജൂൺ പ്രത്യേകിച്ച് ഉത്തര കേരളത്തിൽ. ജൂൺ അവസാനത്തോടെ നിപ്പ ഭീതി മാറി പഴവർഗ്ഗങ്ങളുടെ വിപണി സജീവമായി.

അവലോകനമാസത്തിൽ പഴവർഗ്ഗങ്ങളിൽ ഭൂരിഭാഗം ഇനങ്ങളുടെയും വിലയിൽ കുറവ് ദൃശ്യമായി. ജൂലൈയിൽ ആപ്പിളിന്റെ വിളവെടുപ്പ് ആരംഭിക്കാനിരിക്കുകയാണു. അമേരിക്കയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ആപ്പിളിനു അധിക തീരുവ ഏർപ്പെടുത്താനുള്ള തീരുമാനം പ്രാബല്ല്യത്തിൽ വന്നാൽ വരും മാസങ്ങളിൽ ആപ്പിളിന്റെ വിലയിൽ വർദ്ധനവ് ഉണ്ടായേക്കാം.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട അഡ്വാൻസ് എസ്റ്റിമേററ് റിപ്പോർട്ട് പ്രകാരം പഴവർഗ്ഗങ്ങളുടെ ഉൽപാദനത്തിൽ മൊത്തം 2 ശതമാനം വർദ്ധനവ് പ്രവചിക്കുന്നു.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2017 | മെയ് 2018 | ജൂൺ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 101.00 | 97.50 | 92.33 | -5.30 | -8.58 |
| 2 | മുസമ്പി | കിലോഗ്രാം | 57.33 | 76.44 | 77.69 | 1.64 | 35.51 |
| 3 | മാതളം | കിലോഗ്രാം | 88.10 | 135.42 | 119.92 | -11.45 | 36.11 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 108.00 | 146.67 | 130.00 | -11.36 | 20.37 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 53.93 | 56.02 | 53.38 | -4.71 | -1.02 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 38.45 | 36.70 | 33.11 | -9.76 | -13.89 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 58.85 | 44.11 | 46.49 | 5.39 | -21.02 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 50.07 | 47.60 | 47.54 | -0.14 | -5.06 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 31.53 | 29.63 | 28.41 | -4.09 | -9.87 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 51.89 | 71.67 | 59.80 | -16.56 | 15.24 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 22.91 | 21.09 | 19.90 | -5.64 | -13.13 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 62.36 | 79.78 | 72.62 | -8.98 | 16.44 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 58.79 | 72.63 | 86.24 | 18.75 | 46.69 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

നോട്ട് നിരോധനവും ജി എസ് ടി യും കാരണം നിർമ്മാണ മേഖല നേരിട്ട പ്രതിസന്ധിയെ തുടർന്നു കുറഞ്ഞുവന്ന സിമന്റിന്റെ വിലയിൽ കാര്യമായ വർദ്ധനവ് അവലോകനമാസമായ ജൂണിൽ ദൃശ്യമായി.എന്നാൽ ഇതിനു വ്യക്തമായൊരു കാരണം വിപണിയിൽ നിന്നും ലഭ്യമായില്ല.ഏതാണ്ട് എല്ലാ സിമന്റ് കമ്പനികളും സിമന്റിന്റെ വിലയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. സ്റ്റീലിന്റെ വില അവലോകനമാസത്തിൽ കാര്യമായ വ്യത്യാസമില്ലാതെ നിലകൊണ്ടു. ജൂലൈ മാസത്തിലും സിമന്റിന്റെ വില കുറയാൻ സാധ്യത ഇല്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2017 | മെയ് 2018 | ജൂൺ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.48 | 20.02 | 20.29 | 1.35 | 4.16 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 28.07 | 27.91 | 27.94 | 0.11 | -0.46 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 500.00 | 515.71 | 515.43 | -0.05 | 3.09 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 404.50 | 377.34 | 386.75 | 2.49 | -4.39 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 397.63 | 372.34 | 381.63 | 2.50 | -4.02 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 43.70 | 55.81 | 55.49 | -0.57 | 26.98 |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | ജൂൺ 2017 | മെയ് 2018 | ജൂൺ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 42.54 | 41.41 | 41.09 | -0.77 | -3.41 |
| 2 | ചമ്പ | കിലോഗ്രാം | 41.40 | 44.00 | 44.00 | 0.00 | 6.28 |
| 3 | റോസ് | കിലോഗ്രാം | 43.10 | 41.25 | 40.96 | -0.70 | -4.97 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 38.30 | 36.76 | 36.50 | -0.71 | -4.70 |
| 5 | ജയ | കിലോഗ്രാം | 40.94 | 38.34 | 37.42 | -2.42 | -8.61 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.54 | 32.15 | 32.06 | -0.29 | -1.47 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 84.36 | 88.82 | 90.21 | 1.56 | 6.93 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 92.61 | 89.84 | 90.94 | 1.22 | -1.80 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 110.20 | 85.58 | 84.58 | -1.17 | -23.25 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 102.28 | 80.61 | 79.89 | -0.89 | -21.89 |
| 5 | വൻപയർ | കിലോഗ്രാം | 77.69 | 69.55 | 69.06 | -0.70 | -11.11 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 88.40 | 82.61 | 81.83 | -0.94 | -7.43 |
| 7 | കടല(വലുത്) | കിലോഗ്രാം | 96.85 | 72.89 | 70.34 | -3.50 | -27.37 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 84.94 | 62.97 | 61.88 | -1.73 | -27.15 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 42.97 | 44.65 | 47.53 | 6.45 | 10.61 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 78.19 | 69.85 | 69.82 | -0.04 | -10.71 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 43.14 | 33.87 | 36.46 | 7.65 | -15.48 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 162.15 | 150.77 | 151.38 | 0.40 | -6.64 |
| 3 | ശർക്കര | കിലോഗ്രാം | 57.10 | 52.57 | 53.13 | 1.07 | -6.95 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.81 | 51.86 | 58.57 | 12.94 | 6.86 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 498.57 | 531.43 | 535.29 | 0.73 | 7.37 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 135.52 | 132.67 | 123.03 | -7.27 | -9.22 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.71 | 148.18 | 148.07 | -0.07 | 0.24 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.08 | 161.62 | 161.62 | 0.00 | 0.34 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 147.02 | 215.38 | 210.47 | -2.28 | 43.16 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 140.30 | 144.75 | 147.00 | 1.55 | 4.78 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.55 | 93.00 | 93.28 | 0.30 | 4.17 |
| 4 | നല്ലെണ്ണ | ലിററർ | 144.36 | 159.45 | 161.80 | 1.47 | 12.08 |
| 5 | കടുക് എണ്ണ | ലിററർ | 138.00 | 137.40 | 137.40 | 0.00 | -0.43 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 94.64 | 95.18 | 95.53 | 0.37 | 0.94 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.70 | 92.85 | 93.58 | 0.80 | 4.33 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 165.45 | 221.25 | 210.73 | -4.75 | 27.37 |

| നം | ഇനങ്ങൾ | അളവ് | ജൂൺ 2017 | മെയ് 2018 | ജൂൺ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 98.27 | 85.05 | 85.26 | 0.25 | -13.24 |
| 2 | മുളക് | കിലോഗ്രാം | 82.72 | 123.89 | 125.57 | 1.36 | 51.80 |
| 3 | ഉള്ളി | കിലോഗ്രാം | 113.91 | 37.41 | 49.40 | 32.05 | -56.63 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 117.65 | 160.89 | 162.79 | 1.18 | 38.37 |
| 5 | ജീരകം | 100 ഗ്രാം | 28.99 | 29.29 | 29.39 | 0.34 | 1.38 |
| 6 | കടുക് | 100 ഗ്രാം | 9.16 | 8.86 | 8.81 | -0.56 | -3.82 |
| 7 | ഉലുവ | 100 ഗ്രാം | 10.26 | 9.23 | 9.34 | 1.19 | -8.97 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.59 | 18.29 | 18.46 | 0.93 | -0.70 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 10.05 | 7.41 | 7.33 | -1.08 | -27.06 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 595.85 | 468.46 | 467.00 | -0.31 | -21.62 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 57.75 | 36.84 | 36.17 | -1.82 | -37.37 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 26.89 | 21.59 | 21.69 | 0.46 | -19.34 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 24.10 | 31.09 | 31.76 | 2.16 | 31.78 |
| 4 | ചേമ്പ് | കിലോഗ്രാം | 77.19 | 56.32 | 60.99 | 8.29 | -20.99 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 44.74 | 31.29 | 36.30 | 16.01 | -18.86 |
| 6 | കാരററ് | കിലോഗ്രാം | 76.43 | 35.29 | 41.31 | 17.06 | -45.95 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 18.39 | 17.73 | 20.51 | 15.68 | 11.53 |
| 2 | വഴുതന | കിലോഗ്രാം | 38.69 | 30.89 | 32.61 | 5.57 | -15.71 |
| 3 | മത്തങ്ങ | കിലോഗ്രാം | 20.86 | 18.02 | 20.34 | 12.87 | -2.49 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 25.81 | 20.05 | 20.13 | 0.40 | -22.01 |
| 5 | വെണ്ടക്ക | കിലോഗ്രാം | 41.73 | 30.07 | 30.53 | 1.53 | -26.84 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 63.26 | 62.48 | 61.67 | -1.30 | -2.51 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 57.66 | 52.59 | 45.99 | -12.55 | -20.24 |
| 8 | കാബേജ് | കിലോഗ്രാം | 33.36 | 23.91 | 25.14 | 5.14 | -24.64 |
| 9 | പാവയ്ക്ക | കിലോഗ്രാം | 53.70 | 44.70 | 45.79 | 2.44 | -14.73 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 27.29 | 20.95 | 24.53 | 17.09 | -10.11 |
| 11 | പടവലങ്ങ | കിലോഗ്രാം | 41.91 | 31.48 | 33.79 | 7.34 | -19.37 |
| 12 | തക്കാളി | കിലോഗ്രാം | 34.50 | 20.36 | 24.01 | 17.93 | -30.41 |
| 13 | പച്ചമുളക് | 100 ഗ്രാം | 7.05 | 4.12 | 5.05 | 22.57 | -28.37 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 49.83 | 50.30 | 48.65 | -3.28 | -2.37 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 40.80 | 36.21 | 34.99 | -3.37 | -14.24 |

| നം | ഇനങ്ങൾ | അളവ് | ജൂൺ 2017 | മെയ് 2018 | ജൂൺ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 101.00 | 97.50 | 92.33 | -5.30 | -8.58 |
| 2 | മുസമ്പി | കിലോഗ്രാം | 57.33 | 76.44 | 77.69 | 1.64 | 35.51 |
| 3 | മാതളം | കിലോഗ്രാം | 88.10 | 135.42 | 119.92 | -11.45 | 36.11 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 108.00 | 146.67 | 130.00 | -11.36 | 20.37 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 53.93 | 56.02 | 53.38 | -4.71 | -1.02 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 38.45 | 36.70 | 33.11 | -9.76 | -13.89 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 58.85 | 44.11 | 46.49 | 5.39 | -21.02 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 50.07 | 47.60 | 47.54 | -0.14 | -5.06 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 31.53 | 29.63 | 28.41 | -4.09 | -9.87 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 51.89 | 71.67 | 59.80 | -16.56 | 15.24 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 22.91 | 21.09 | 19.90 | -5.64 | -13.13 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 62.36 | 79.78 | 72.62 | -8.98 | 16.44 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 58.79 | 72.63 | 86.24 | 18.75 | 46.69 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.48 | 20.02 | 20.29 | 1.35 | 4.16 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 28.07 | 27.91 | 27.94 | 0.11 | -0.46 |
| 3 | വിറക് (നാടൻ) | ക്വിന്റൽ | 500.00 | 515.71 | 515.43 | -0.05 | 3.09 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 404.50 | 377.34 | 386.75 | 2.49 | -4.39 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 397.63 | 372.34 | 381.63 | 2.50 | -4.02 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 43.70 | 55.81 | 55.49 | -0.57 | 26.98 |